Draft #1 of File 66934/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Nov-2020 03:37 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഏകജാലക പ്രവേശനം -2020-21- അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.11.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 5469/AC B 6/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 17.11.2020

---

*പരാമർശം:-*ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.11.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 16.11.2020-ൽ ചേർന്ന യോഗത്തിൽ, മേൽ പരാമർശം പ്രകാരം, 2020-21 അക്കാദമിക വർഷത്തിലെ പ്രവേശനം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ശേഷം താഴെപ്പറയുന്ന ശുപാർശകൾ കൈക്കൊള്ളുകയും ചെയ്തു.

1. സർക്കാർ അനുവദിച്ച നവീന പ്രോഗ്രാമുകളിലേക്കു കൂടി ഓപ്ഷൻ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഏകജാലക പ്രക്രിയയുടെ ഓൺലൈൻ രജിസ്ട്രേഷൻ 25/11/2020 വരെ ദീർഘിപ്പിക്കുന്നതിനു ശുപാർശ ചെയ്തു.
2. ബി.എഡ് പ്രവേശന പ്രക്രിയ വൈകിയ സാഹചര്യത്തിൽ നിലവിലെ ഷെഡ്യൂൾ മാറ്റമില്ലാതെ തുടരുന്നതിനു ശുപാർശ ചെയ്തു.
3. ഡബ്ല്യൂ എ നം.1369/2020 ലെ ഇടക്കാല ഉത്തരവിൽ ബഹു. കേരള ഹൈക്കോടതി മുൻപാകെ റിവ്യൂ പെറ്റീഷൻ അടിയന്തിരമായി സമർപ്പിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിനു നിർദ്ദേശം നൽകുന്നതിനു ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി എസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3 . ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
4. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
5. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
6. എസി എ 1/7/8/12
7. ലീഗൽ സെക്ഷൻ
8. ഐ ക്യൂ എ സി/ കണ്ടെന്റ് മാനേജ്മെന്റ് സെൽ
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 66934/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Nov-2020 03:37 PM - Page 2